ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തിരി വെട്ടിമാറ്റി മരങ്ങൾ സംരക്ഷിക്കുന്നതിന് ഇപ്പോൾതന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തേക്ക് നട്ടുപിടിപ്പിച്ച് ആദ്യത്തെ വർഷങ്ങളിൽ കാലാകാലങ്ങളിൽ കാടുവെട്ടുക, ഒന്നിൽ കൂടുതലുള്ള ശിഖരങ്ങൾ മുറിച്ചുമാറ്റുക, ഉണങ്ങിപ്പോയ തൈകൾക്കുപകരം തൈകൾ വയ്ക്കുക തുടങ്ങിയ പരിചരണ പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ തീപിടിക്കാതെയും കാലികൾ മേയാതെയും വേണ്ട പരിചരണം ചെയ്തു സൂക്ഷിച്ചുമാണ് തേക്കുതൈകളുടെയും മരങ്ങളുടെയും സംരക്ഷണം നടത്തുന്നത്.

കടുവകളുടെയും കാട്ടുപോത്തുകളുടെയും എണ്ണം

46. [1532] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ കടുവ, കാട്ടുപോത്ത് എന്നിവ എത്രവീതം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

ഉത്തരം

(എ) 1993-ലെ കണക്കുപ്രകാരം 76 കടുവകളും 4840 കാട്ടുപോത്തുകളും ഉണ്ട്.

അരുവിക്കരയിൽ ഡിയർ പാർക്ക്

47. [1533] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് അരുവിക്കരയിൽ ഒരു ഡിയർ പാർക്ക് നിർമ്മിക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ നടപടി ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ), (ബി) ഇല്ല.

ചുള്ളിമാനൂർ ഫോറസ്റ്റ് കൺട്രോൾ റൂമിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്താൻ നടപടി

48. [1534] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് ചുള്ളിമാനൂർ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഫോറസ്റ്റ് കൺട്രോൾ റൂമിൽ ടെലിഫോൺ സൗകര്യം ഇല്ല എന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനവിഭവങ്ങൾ കടത്തിക്കൊണ്ടുപോകുന്ന വിവരം പൊതുജനങ്ങൾക്ക് ഈ കേന്ദ്രത്തിലറിയിക്കാൻ അടിയന്തിരമായി ടെലിഫോൺ സൗകര്യം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly